**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2218** **21-06-2024 - ൽ മറുപടിയ്ക്ക്**

**ചികിത്സാ ധനസഹായം അവകാശിക്ക് കൈമാറുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത്** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ചികിത്സാ ധനസഹായം അനുവദിക്കണമെന്നാവശ്യപ്പെട്ട് 2016-ൽ എ.ഇ. പൗലോസ്, അരിക്കൽ കുരൻ വീട്, പൊയ്ക്കാട്ടുശ്ശേരി, ചെങ്ങമനാട് പി.ഒ. എന്ന വ്യക്തി ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ച അപേക്ഷയിന്മേൽ അനുവദിച്ച തുക എത്രയാണ്; ചികിത്സയിലിരിക്കെ ടിയാൻ മരണപ്പെട്ടതിനാൽ അവകാശിയായ ഭാര്യ ശ്രീമതി റാണി പൗലോസിന് പ്രസ്തുത തുക അനുവദിക്കണമെന്നുള്ള അപേക്ഷയിന്മേൽ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (എ) | ശ്രീ.എ.ഇ.പൗലോസ് 'Society for Medical Assistance to the poor' പദ്ധതി പ്രകാരം ധനസഹായത്തിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കുകയും ആയത് പരിഗണിച്ച് ടിയാന് 50,000 രൂപ അനുവദിക്കുകയും ചെയ്തിരുന്നു. എന്നാൽ ടിയാൻ മരണപ്പെട്ടത് അറിയിച്ചതിനാൽ അനന്തരാവകാശ സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ടിരുന്നു. എന്നാൽ റിലേഷൻഷിപ്പ് സർട്ടിഫിക്കറ്റ് ആയിരുന്നു ആദ്യം സമർപ്പിച്ചിരുന്നത്. ആയത് തിരിച്ചയച്ച് അനന്തരാവകാശ സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ടിരുന്നു. കോവിഡ് മഹാമാരി കാലഘട്ടമായിരുന്നതിനാൽ ഈ കാലയളവിൽ തപാലുകൾ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ സെക്ഷനുകളിൽ ലഭ്യമാകുവാനും മറ്റും കാലതാമസം നേരിട്ടിരുന്നു. എന്നിരുന്നാലും അനന്തരാവകാശ സർട്ടിഫിക്കറ്റിന്റെയും മകളുടെ സാക്ഷ്യ പത്രത്തിന്റെയും അടിസ്ഥാനത്തിൽ ശ്രീ.പൗലോസിന്റെ നിയമപരമായ അവകാശിക്ക് തുക അനുവദിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് തലത്തിൽ ഉത്തരവായിരുന്നു. എന്നാൽ ടി തുക ക്രെഡിറ്റ് ചെയ്യുവാൻ അവകാശിയുടെ ബാങ്ക് അക്കൗണ്ട് ലഭ്യമായിരുന്നില്ല. പദ്ധതിയിൽ DBT (Direct Beneficiary Transfer) മുഖേനയാണ് തുക Credit ചെയ്യുന്നത്. 03.10.2022 തീയതിയിലെ കത്തിൻ പ്രകാരം ശ്രീമതി.റാണി പൗലോസ് ബാങ്ക് പാസ്സ് ബുക്കിന്റെ മുൻ പേജിന്റെ പകർപ്പ് സമർപ്പിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റന്റ് ടു ദി പൂവർ പദ്ധതി ഗുണഭോക്താക്കളുടെ ഇരട്ടിപ്പിക്കൽ ഒഴിവാക്കുന്നതിലേയ്ക്കായി KASP പദ്ധതിയിൽ ലയിപ്പിച്ചു. സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റന്റ് ടു ദി പൂവർ പദ്ധതി പ്രകാരം ചികിത്സാ സഹായം ലഭിക്കുന്നതിനായി 2022 ഓഗസ്റ്റ് വരെ ലഭിച്ച അപേക്ഷകളിൽ അർഹരായവർക്ക് തുക |

| | | | |
|---|---|---|---|
| | | | അനുവദിക്കുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിട്ടുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് പരിശോധിച്ച് വരുന്നു. |
| (ബി) | എ.ഇ.പൗലോസ് എന്നവർക്ക് അനുവദിച്ച തുക അവകാശികൾക്ക് ലഭിക്കാത്തതുമായി ബന്ധപ്പെട്ട E/6475509/22/M(H,W&CD) നമ്പർ അപേക്ഷയിൽ പ്രിൻസിപ്പൽ സെക്രട്ടറി (ആരോഗ്യം) നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (ബി) | ശ്രീ.എ.ഇ.പൗലോസ്-ന് 2016-ൽ സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവർ പദ്ധതി പ്രകാരം അനുവദിച്ച 50,000/- രൂപ ടിയാൻ മരണപ്പെട്ടതിനാൽ ടിയാന്റെ അനന്തരാവകാശികൾക്ക് അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് ആലുവ എം.എൽ.എ. ശ്രീ.അൻവർ സാദത്ത് അപേക്ഷ സമർപ്പിച്ചിരിക്കുന്നു. പ്രസ്തുത വിഷയത്തിൽ സ്വീകരിച്ചിരുന്ന നടപടികളെ സംബന്ധിച്ച വിവരം നമ്പർ P3/142/2022-HEALTH തീയതി 04.05.2023 കത്ത് മുഖേന ശ്രീ.അൻവർ സാദത്ത്, എം.എൽ.എ.-യും അപേക്ഷകയെയും അറിയിച്ചിട്ടുള്ളതാണ്. |
| (സി) | പ്രസ്തുതവിഷയം സംബന്ധിച്ച് അനന്തരാവകാശിയായ മാതാവിന് തുക കൈമാറുന്നതിന് തടസ്സമില്ലെന്ന സ്വന്തം മക്കളുടെ സാക്ഷ്യപത്രം RL560117915IN-നമ്പർ രജിസ്റ്റേഡ് പോസ്റ്റായി 11/03/2020-ന് ആരോഗ്യവകുപ്പ് ഡയറക്ടർക്ക് അയച്ചു നൽകിയിട്ടും 2016-ൽ അനുവദിച്ച തുക നാളിതുവരെ കൈമാറാത്തതിനുള്ള കാരണം വ്യക്തമാക്കാമോ; ആരോഗ്യ വകുപ്പ് ഡയറക്ടർ ഈ വിഷയത്തിൽ നടത്തിയ കത്തിടപാടുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ; നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ; | (സി) | അനന്തരാവകാശ സർട്ടിഫിക്കറ്റ് ലഭ്യമാകാൻ കാലതാമസം നേരിട്ടതും, അവകാശിയുടെ ബാങ്ക് അക്കൗണ്ട് ലഭ്യമല്ലാതിരുന്നതും, പദ്ധതിയിൽ ഫണ്ട് ഇല്ലാത്തതും ആണ് തുക ക്രെഡിറ്റ് ചെയ്യുവാൻ കാലതാമസം നേരിട്ടതിനുള്ള കാരണങ്ങൾ. ആവശ്യമായ രേഖകൾ ഉള്ളടക്കം ചെയ്യാത്ത അപേക്ഷകൾ ലഭിച്ചാൽ, ആവശ്യമായ രേഖകൾ ഉള്ളടക്കം ചെയ്ത് പുന:സമർപ്പിക്കുന്നതിലേയ്ക്കായി അസ്സൽ അപേക്ഷ ഉൾപ്പെടെ അപേക്ഷകർക്ക് തിരിച്ചയക്കുകയാണ് ചെയ്തിരുന്നത്. ശ്രീ.പൗലോസിന്റെ അപേക്ഷയും ഇപ്രകാരം മടക്കിയതിനാൽ കത്തിന്റെ പകർപ്പുകൾ ലഭ്യമല്ല. തുടർന്ന് ലഭിച്ച രേഖകളുടെ അടിസ്ഥാനത്തിൽ ശ്രീ.എ.ഇ. പൗലോസിന്റെ നിയമ പരമായ അവകാശിക്ക് ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് തുക നൽകുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (ഡി) | അനന്തരാവകാശിയായ ശ്രീമതി റാണി പൗലോസിന് ലഭിക്കേണ്ട തുക അടിയന്തരമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ഡി) | ചികിത്സാ സഹായം ലഭിക്കുന്നതിനായി 2022 ഓഗസ്റ്റ് വരെ ലഭിച്ച അപേക്ഷകളിൽ അർഹരായവർക്ക് തുക അനുവദിക്കുന്നതിനായുള്ള പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയത് സർക്കാർ പരിശോധിച്ചു വരികയാണ്. |
| (ഇ) | പ്രസ്തുത തുക അനുവദിക്കുന്നതിലെ കാലതാമസത്തിന് കാരണം ഉദ്യോഗസ്ഥ തലത്തിലെ വീഴ്ചയാണോയെന്ന് പരിശോധിച്ച് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുമോ? | (ഇ) | പ്രസ്തുത തുക അനുവദിക്കുന്നതിന് കാലതാമസം നേരിട്ടതിന് ഫണ്ട് ലഭ്യത കുറവും ആവശ്യമായ രേഖകൾ ലഭ്യമല്ലാതിരുന്നതും കാരണമായിട്ടുണ്ട് |

സെക്ഷൻ ഓഫീസർ